**DONATE NOW**
www.alphapalliativecare.org

# funds for Life

*Be a part of the Palliative Uprising !*

## Sponsor a Patient’s Care

**₹ 37,500 / Year**



**കൈകോർക്കാം... ആൽഫയ്ക്കൊപ്പം**

വേദനയിൽനിന്നുള്ള മോചനത്തിനായി...

**പാലിയേറ്റീവ് പരിചരണം മനുഷ്യാവകാശം!**

ALPHA PALLIATIVE CARE
An Initiative of Alpha Charitable Trust
HOSPICES & LINK CENTRES

**2005** മേയ് മാസം മൂന്നാം തീയതി ആൽഫ പാലിയേറ്റീവ് കെയർ തൃശൂർ ജില്ലയിലെ തീരപ്രദേശമായ എടമുട്ടത്ത് കാൻസർ ബാധിതയായ ഭുവനേശ്വരി അമ്മയ്ക്ക് ആദ്യ ഹോം കെയർ നൽകി പ്രവർത്തനമാരംഭിച്ചു. പരിശീലനം നേടിയ ഒരു ഡോക്ടറും കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനിൽ പരിശീലനം നേടിയ 4 നഴ്സുമാരുമായിട്ടായിരുന്നു തുടക്കം. മാസങ്ങൾക്കുമുമ്പ് പരിശീലനം നേടിയ നൂറുകണക്കിന് സന്നദ്ധപ്രവർത്തകർ പരിചരണത്തിന്റെ സാമൂഹ്യ നേതൃത്വമേറ്റെടുക്കാൻ ഇതിനകം മുന്നോട്ടുവന്നിരുന്നു. രോഗബാധിതരുടെ ശാരീരിക പ്രശ്നങ്ങൾക്ക് മെഡിക്കൽ സംഘം പരിഹാരം തേടുമ്പോൾ രോഗബാധിതരുടേയും കുടുംബങ്ങളുടെയും സാമൂഹ്യ-മാനസിക പ്രശ്നങ്ങളും ആത്മീയ പ്രശ്നങ്ങളും പഠിക്കാനും പരിഹാരം കാണാനും സന്നദ്ധപ്രവർത്തകരും മുന്നിലുണ്ടായിരുന്നു.



പാലിയേറ്റീവ് പരിചരണം ചികിത്സിച്ചു മാറ്റാനാകാത്ത തരത്തിൽ രോഗങ്ങൾ ബാധിച്ചവരുടെയും വിവിധ രോഗങ്ങൾ മൂലവും അപകടങ്ങൾ മൂലവും ജന്മനാ തന്നെയും ചലശേഷി പരിമിതപ്പെട്ട, പരാശ്രയമില്ലാതെ ജീവിതം സാധ്യമല്ലാത്ത മനുഷ്യരുടെയും കുടുംബങ്ങളുടെയും ജീവിതം മെച്ചപ്പെടുത്താനുള്ള മെഡിക്കൽ പ്രൊഫഷണലുകളുടെയും സമൂഹത്തിന്റെയും കൈകോർത്തുള്ള പ്രവർത്തനമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ പാലിയേറ്റീവ് പരിചരണം പൂർണമാവൂ!

ചികിത്സ ഫലപ്രദമല്ലാത്ത അവസ്ഥയിൽ രോഗവും ചികിത്സയും ഒരു ശാരീരിക പ്രശ്നമെന്നതിനപ്പുറം സാമ്പത്തികമായ പ്രശ്നങ്ങളിലേക്കും വൈകാരിക മാനസിക ബുദ്ധിമുട്ടുകളിലേക്കും വളരുകയും ജീവിതത്തിന്റെ അർത്ഥവും വ്യർത്ഥതയും മാനുഷികബന്ധങ്ങളും ഇഴകീറുകയും തന്റെ ശേഷിച്ച ജീവിതത്തിന്റെ യുക്തിയും അർത്ഥശൂന്യതയും തേടുകയും ചെയ്യുമ്പോൾ അതിന് ആത്മീയതലം കൂടി കൈവരുന്നു.

ഇന്നലെവരെ തന്റെ കുടുംബവും ബന്ധുക്കളും സുഹൃത്തുക്കളും തനിക്കു നൽകിയിരുന്ന സ്ഥാനവും ബഹുമാനവും സഹതാപത്തിലേക്കും വ്യർത്ഥമായ ഉപദേശങ്ങളിലേക്കും നീളുകയും തന്റെ ചോദ്യങ്ങൾക്ക് ഉത്തരമില്ലാതാവുകയും കൂടി ചെയ്യുന്നതോടെ ഒറ്റപ്പെടൽ എന്ന വിഷാദവും രോഗബാധിതരെ വിഴുങ്ങുന്നു.



ഈ വിഷമസന്ധിയിൽ ശാരീരിക ബുദ്ധിമുട്ടുകൾക്ക് മരുന്നും പരിചരണവും വേദനകൾ കേൾക്കാൻ സന്നദ്ധമായ മനസ്സുമായി മെഡിക്കൽ വിദഗ്ധരും സന്നദ്ധപ്രവർത്തകരും പാലിയേറ്റീവ് പരിചരണത്തിന് ജീവിതത്തിന്റെ പുതിയ അർത്ഥം നൽകുന്നു. പാലിയേറ്റീവ് പരിചരണം രോഗം മൂലമുള്ള വിഷമാവസ്ഥകളിലും അന്തസ്സോടെ, അവസാനശ്വാസം വരെയും ജീവി

ക്കാനുള്ള മനുഷ്യന്റെ അവകാശം സംരക്ഷിക്കൽകൂടിയാണ്!

തൃശൂർ, എറണാകുളം, ആലപ്പുഴ, കാസറഗോഡ് ജില്ലകളിലായി 2016 ഡിസംബർ 31 വരെ 17,770 രോഗബാധിതർക്ക് പരിചരണം നൽകിക്കഴിഞ്ഞു ആൽഫ പാലിയേറ്റീവ് കെയർ. ഇവരിൽ 7,051 പേർ ആൽഫ ഹോസ്പീസുകളിലെ കിടത്തിചികിത്സാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി. പാലിയേറ്റീവ് കെയറിൽ വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും രോഗം ബാധിച്ച വ്യക്തികൾക്ക് വീട്ടിൽപോയി വൈദ്യശുശ്രൂഷ നൽകുന്നതിനായി 88,611 ഹോം കെയർ വിസിറ്റുകൾ നടത്തിയിട്ടുണ്ട്. 2015 മേയ് 31ന് 4,786 പേർ ആൽഫയുടെ പരിചരണത്തിൽ ഉണ്ട്. പലപ്പോഴും വേണ്ടത്ര പരിഗണിക്കപ്പെടാതെപോയ കിടപ്പിലായവർക്കായി ഫിസിയോതെറാപ്പിയിലൂടെ പുതിയ ജീവിതം സാധ്യമാക്കുന്ന പുനർജനി എന്ന പദ്ധതികൂടി എല്ലാ സ്ഥലങ്ങളിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

## ഹോസ്പീസുകളും ലിങ്ക് സെന്ററുകളും

കിടത്തിചികിത്സയും ഫിസിയോതെറാപ്പിയടക്കമുള്ള മറ്റു വിദഗ്ധ സംവിധാനങ്ങളും ലഭ്യമാക്കുന്ന, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോസ്പീസുകൾ ജില്ലാ കേന്ദ്രങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ അതതിടങ്ങളിലെ ജനങ്ങളുടെ ഉടമസ്ഥതയിൽ ഹോം കെയറും ഡേകെയറും ഫിസിയോതെറാപ്പിയും സാമൂഹ്യ പിന്തുണയും നൽകുന്ന ലിങ്ക് സെന്ററുകളും എന്ന സങ്കൽപമാണ് ആൽഫ നടപ്പാക്കുന്നത്. കാര്യക്ഷമമായ സേവനം ഉറപ്പാക്കാൻ ഈ രീതിക്കു കഴിയുന്നുണ്ട്.

## നമ്മൾ നേരിടാൻ ശ്രമിക്കുന്നത്?

2008ൽ ആൽഫയിൽ രജിസ്റ്റർ ചെയ്ത് സേവനം നേടിക്കൊണ്ടിരുന്ന ആയിരം രോഗബാധിതരെയും കുടുംബങ്ങളെയും പങ്കെടുപ്പിച്ച നടത്തിയ സർവേ യഥാർത്ഥ ആവശ്യങ്ങളെ തുറന്നുകാട്ടുന്നതായിരുന്നു. രോഗ

## Membership Schemes

| | |
|---|---|
| **Platinum Class** | |
| Sponsor 4 patient's care for 1 year | ₹ 1,50,000/- |
| **Gold Class** | |
| Sponsor 2 patient's care for 1 year | ₹ 75,000/- |
| **Silver Class** | |
| Sponsor 1 patient's care for 1 year | ₹ 37,500/- |
| **Bronze Class** | |
| Sponsor 1 patient's care for 6 months | ₹ 18,750/- |

## സാന്ത്വനസമന്വയം

പാലിയേറ്റീവ് പരിചരണദൗത്യത്തിൽ പങ്കാളിയായവരുടെ കൂട്ടായ്മ

ഒരു രൂപ ദിനംപ്രതി കൂട്ടിവച്ച് 'വൺ റുപ്പി; വൺ ലൈഫ്' പദ്ധതിയിലൂടെ നൂറു ദിവസം കൊണ്ട് ഒരു രോഗിയുടെ ഒരു ദിവസത്തെ പരിചരണം ഏറ്റെടുക്കുന്ന വിദ്യാർത്ഥികൾ, മാസംതോറും 100 രൂപ നൽകി ഒരു ദിവസത്തെ പരിചരണം ഏറ്റെടുക്കുന്ന സാധാരണക്കാർ, 37,500 രൂപ നൽകി ഒരു രോഗിയുടെ ഒരു വർഷത്തെ പരിചരണം ഏറ്റെടുക്കുന്നവർ, സമൂഹത്തോടുള്ള കടമ നിർവഹിക്കാൻ സമ്പാദ്യത്തിന്റെ ഒരു പങ്കുമായി ചേർന്നവർ..... 'സാന്ത്വന സമന്വയം' ഈ കൂട്ടായ്മയാണ്.



ബാധിതരിൽ ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കിയത് ശാരീരികവേദനയായിരുന്നെങ്കിലും തൊട്ടടുത്ത ബുദ്ധിമുട്ട് സാമ്പത്തികപ്രശ്നങ്ങളായിരുന്നു. കൂട്ടത്തിൽ പിന്തുണ വേണ്ട നിരവധി ആവശ്യങ്ങളും.



തുടർന്ന് സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ ഈ വിഷയങ്ങൾ ചർച്ചചെയ്തപ്പോൾ രോഗബാധിതരുടെ പെൺമക്കൾക്ക് വിവാഹ പദ്ധതി, കുട്ടികളുടെ പഠനത്തിന് ഐ.ടി.ഐ, വീടുനിർമിക്കാനും അറ്റകുറ്റപ്പണികൾക്കും പിന്തുണ തുടങ്ങി വിവിധ പദ്ധതികളായി അത് പരിണമിച്ചു. 65ഓളം പെൺകുട്ടികൾക്ക് വിവാഹ പദ്ധതിയിലൂടെ പുതിയ ജീവിതം ലഭിച്ചപ്പോൾ തൊഴിൽപഠനത്തിലൂടെ പുതിയ ജീവിതം തേടുന്നത് നൂറുകണക്കിനു കുട്ടികൾ.

## ആൽഫ കെയർ ഹോമും ആൽഫ ഹോംസും

പ്രവർത്തനങ്ങൾ നൽകിയ പുതിയ അനുഭവങ്ങളുടെ പ്രതിഫലനമാണ് ആൽഫ കെയർ ഹോമും ആൽഫ ഹോംസും. പരിചരിക്കാൻ ഉറ്റവരില്ലാത്ത കുറെപ്പേരെങ്കിലും നമുക്കിടയിലുണ്ട്. ഉറ്റവരുണ്ടെങ്കിൽപ്പോലും ആശങ്കയുടെ മുൾമുനയിലാണ് പലരും. തന്നെ സംരക്ഷിക്കുന്നവർക്കെന്തെങ്കിലും സംഭവിച്ചാൽ?! ഈ ചോദ്യത്തിനുത്തരമാണ് ആൽഫ കെയർ ഹോം.

കാൻസർ പോലുള്ള രോഗങ്ങൾ മിക്കപ്പോഴും രോഗബാധിതരെയും കുടുംബങ്ങളെയും സാമ്പത്തികമായി പൂർണമായും തളർത്തിയേക്കാം. കിടപ്പാടംപോലും ചികിത്സയ്ക്കായി കടപ്പെടുത്തിയവർ രോഗത്തിന്റെ വേദനക്കിടയിൽ തെരുവിലേക്കിറങ്ങേണ്ടിയും വന്നാലോ? അന്തസ്സോടെയുള്ള ജീവിതം സാധ്യമല്ലാതായാലോ? ഇത് അസാധാരണമല്ല. 12 ഫ്ളാറ്റുകളടങ്ങിയ ആൽഫ ഹോംസ് ഇതിന് ചെറിയ മറുപടിയാകുന്നു.

## നാളെയുടെ പ്രതീക്ഷ.. വിദ്യാർത്ഥികൾ

ബന്ധങ്ങളുടെ ശിഥിലീകരണം ചർച്ചചെയ്യുകയും വിലപിക്കുകയും ചെയ്യുന്ന ഈ തലമുറ അവർതന്നെ ചെയ്ത പാപത്തിന്റെ ഇരകളാണോ? വേദനയിൽ വീണ്ടും വിരലിട്ട് കുത്താതിരിക്കാം നമുക്ക്. പകരം അടുത്ത തലമുറയെ പരസ്പരം സ്നേഹിക്കാൻ, സംരക്ഷിക്കാൻ, ബഹുമാനിക്കാൻ കഴിയുന്നവരാക്കാം. അതിന് കഴിയണമെങ്കിൽ നിരാശ്രയത്വത്തിന്റെ, വേദനയുടെ, ജീവിതത്തിന്റെ, ജീവന്റെ യഥാർത്ഥ ചൂട് തൊട്ടറിയണം. സ്റ്റുഡന്റ്സ് അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ എന്ന ആൽഫയുടെ പ്രവർത്തനം ഈ വഴിയിലാണ്. ആയിരക്കണക്കിന് കുരുന്നുകൾ ഹൃദയംകൊണ്ട് സാക്ഷ്യപ്പെടുത്തുമ്പോൾ തീർച്ചയായും നമുക്ക് അഭിമാനിക്കാം, ആശ്വസിക്കാം!

# വരൂ, ഈ കൂട്ടായ്മയിൽ നിങ്ങൾക്കുമുണ്ട് ഒരിടം!

0480 2835 100 | 2835 200

Edamuttam P.O., Thrissur, Kerala-680 568,
alpha.edamuttom@gmail.com
www.alphapalliativecare.org

** Donations to Alpha Palliative Care are eligible for Tax exemption U/S 80G (5)(VI) of I.T. Act 1961.*

ALPHA PALLIATIVE CARE
An Initiative of Alpha Charitable Trust
HOSPICES & LINK CENTRES

